"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-നഗരകാര്യം-ശ്രീ.മമ്പള്ളി സന്തോഷ് കുമാർ (PEN 839929) - മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലെ - നിരീക്ഷണകാലം പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു)വകുപ്പ്**

സ.ഉ.(സാധാ) നം.1854/2026/LSGD തീയതി,തിരുവനന്തപുരം, 01-10-2026

പരാമർശം:-

1. സ.ഉ(സാധാ)നം.1197/2018/LSGD തീയതി 27.04.2016
2. സ.ഉ(പി)നം74/2022/LSGD തീയതി .27.10.2022
3. അക്കൗണ്ടന്റ് ജനറലിന്റെ 16.02.2026 ലെ GE07/D/7008118 നമ്പർ കത്ത്.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 07.09.2026 ലെLSGD/PD/41780/2024-DEH2 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.മമ്പള്ളി സന്തോഷ് കുമാർ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലേക്ക് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം നിയമനം ലഭിച്ചതിനെത്തുടർന്ന്, 02.07.2018 പ്രാബല്യത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരുന്നു. ടിയാന്റെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനായി അപേക്ഷയും, അനുബന്ധരേഖകളും തുടർ നടപടികൾക്കായി പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2)ശ്രീ.മമ്പള്ളി സന്തോഷ് കുമാർ നിരീക്ഷണ കാലയളവിൽ 12 ദിവസം ആർജ്ജിതാവധി എടുത്തിരുന്നതായി, അക്കൗണ്ടന്റ് ജനറൽ പരാമർശം(3) പ്രകാരം അറിയിച്ചിട്ടുണ്ട്. ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമെന്നും, ടിയാനെതിരെ അച്ചടക്ക നടപടികളോ അന്വേഷണമോ കേസുകളോ നിലവിലില്ലായെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലെ പ്രൊബേഷൻ കാലയളവ് മൂന്ന് വർഷത്തെ സേവന കാലയളവിൽ തുടർച്ചയായ രണ്ട് വർഷത്തെ ഡ്യൂട്ടിയാണ്. ടിയാന്റെ ടി തസ്തികയിലെ നിരീക്ഷണ കാലം 13.07.2020-അപരാഹ്നം പൂർത്തികരിച്ചിട്ടുള്ളതാണ്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.മമ്പള്ളി സന്തോഷ് കുമാർ-ന്റെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലെ നിരീക്ഷണകാലം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ജനറൽ റൂളിലെ ചട്ടം 20 (ബി) പ്രകാരം 14.07.2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഞ്ജലിദേവി എ ജി

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), തൃശ്ശൂർ /തിരുവനന്തപുരം
ശ്രീ.മമ്പള്ളി സന്തോഷ്കുമാർ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപൂരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ(LSGD-EU1/164/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Sonu Jacob
Date: 01-10-2026
12:44:52

സെക്ഷൻ ഓഫീസർ